**പതിന്നാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.173 28.06.2016-ൽ മറുപടിക്ക്**

**കാസർകോട് ജനറൽ ആശുപത്രി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ)കാസർകോട് ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തിക എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ തസ്തികകൾ മുഴുവൻ നികത്തപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും അവ എപ്പോൾ നികത്തും എന്നും അറിയിക്കുമോ; | (എ)കാസർകോട് ജനറൽ ആശുപത്രിയിൽ സൂപ്രണ്ട് ഉൾപ്പെടെ 39 തസ്തികകൾ ഉണ്ട്. തസ്തികകൾ മുഴുവൻ നികത്തപ്പെട്ടിട്ടില്ല. ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇവയിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ താഴെപറയുന്നു-<br>1.മെഡിക്കൽ കൺസൾട്ടൻറ്(സർജറി)- 1<br>2.ജൂനിയർ മെഡിക്കൽ കൺസൾട്ടൻറ് (മെഡിസിൻ)-1<br>3.ജൂനിയർ മെഡിക്കൽ കൺസൾട്ടൻറ് (സർജറി) -1<br>4.ജൂനിയർ മെഡിക്കൽ കൺസൾട്ടൻറ് (ഗൈനക്) -1<br>5.ജൂനിയർ മെഡിക്കൽ കൺസൾട്ടൻറ് (ഒഫ്ത്താൽമോളജി) -1<br>6.ജൂനിയർ മെഡിക്കൽ കൺസൾട്ടൻറ് (റേഡിയോളജി) -1<br>7.ജൂനിയർ മെഡിക്കൽ കൺസൾട്ടൻറ് (ഫോറൻസിക് മെഡിസിൻ) -1<br>8.കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-1<br>9.ആർ.എം.ഒ -1 |

(ബി) കാസർകോട് ജനറൽ ആശുപത്രിയിൽ എക്സ്റേയൂണിറ്റ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

എക്സ്റേ യൂണിറ്റ് പ്രവർത്തിക്കാത്ത ദിവസങ്ങളിൽ രോഗികൾ ക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്ത് നടപടിക ളാണു സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) 2011-ൽ ആശുപത്രിയിലെ എക്സ്റേ കെട്ടിടം കാലപ്പഴക്കം മൂലം തകർന്നതിനാൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന എക്സ്റേ യൂണിറ്റ് അഴിച്ചു മാറ്റി വച്ചിരിക്കുകയാണ്. നിലവിൽ ഈ ആശുപത്രിയിൽ എക്സ്റേ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സമഗ്ര ആദിവാസി ആരോഗ്യ സുരക്ഷാ പദ്ധതി, ആരോഗ്യകിരണം, ആർ.എസ്.ബി.വൈ എന്നീ സ്കീമുകളിൽ ഉൾപ്പെടുന്ന പാവപ്പെട്ട രോഗികൾക്ക് പുറത്തു നിന്നും എക്സ്റേ എടുക്കുന്നതിനു വേണ്ടി വരുന്ന ചെലവ് 18/06/2014 മുതൽ ആശുപത്രിയിൽ നിന്നും തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാസർകോട് ജനറൽ ആശുപത്രിയിൽ ബ്ലഡ് കോംപോണന്റ് സെപ്പറേഷൻ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

(സി) ആരംഭിച്ചിട്ടില്ല. നിലവിലെ ബ്ലഡ് ബാങ്കിൽ കംപോണന്റ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ പി.പി.യൂണിറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് ബ്ലഡ് ബാങ്ക് കംപോണന്റ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ